**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** — **30-09-2025 - ൽ മറുപടിയ്ക്ക്**

**കേരളാ അക്കാഡമി ഓഫ് ഫാർമസിയുമായി ബന്ധപ്പെട്ട മാറനല്ലൂർ പോലീസ് സ്റ്റേഷനിലെ പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള അക്കാദമി ഓഫ് ഫാർമസിയുമായി ബന്ധപ്പെട്ട് മാറനല്ലൂർ പോലീസ് സ്റ്റേഷനിലും സമീപസ്റ്റേഷനുകളിലും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (എ) | മാറനല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കേരള അക്കാദമി ഓഫ് ഫാർമസിയുമായി ബന്ധപ്പെട്ട് നാളിതു വരെ 10 പരാതികൾ മാറനല്ലൂർ പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുണ്ട്.<br><br>ഹോസ്റ്റൽ സൗകര്യം, ശമ്പളം/സർട്ടിഫിക്കറ്റ് തടഞ്ഞുവെക്കൽ എന്നിവ സംബന്ധിച്ച പരാതികളിൽ ചിലത് കോളേജ് അധികാരികളുമായി സംസാരിച്ച് ഒത്തുതീർപ്പാക്കുകയും ബാക്കിയുള്ള പരാതികൾ ഹയർ എഡ്യൂക്കേഷൻ വകുപ്പ് മുഖേനെയോ ബഹു.കോടതി മുഖേനെയോ പരിഹാരം കാണുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കോളേജ് ചെയർമാൻ ദേഹോപദ്രവം ഏൽപ്പിച്ചതായി കാണിച്ച് കോളേജിലെ ഒരു വിദ്യാർത്ഥി നൽകിയ പരാതിയിൽ മാറനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 511/ 2025 U/S 115(2), 118(1) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹു കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കോളേജിലെ വിദ്യാർത്ഥികൾ ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചതായി കോളേജിലെ ചെയർമാൻ സമർപ്പിച്ച പരാതിയിന്മേൽ മാറനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം. 512/2025 U/s 189(2), 190, 191(2), 332(c), 296(b), 115(2) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ് നിലവിൽ അന്വേഷണാവസ്ഥയിലുമാണ്. |

സെക്ഷൻ ഓഫീസർ